# ഗവ. എൽ. പി. സ്കൂൾ പരുവ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

# ആമുഖം

പത്തനംതിട്ട ജില്ലയിലെ മലയോരമേഖലയായ റാന്നി താലൂക്കിലെ വെച്ചൂച്ചിറ പഞ്ചായത്തിലെ, പമ്പാനദിയുടെ തീരം ചേർന്ന് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഗവ. എൽ. പി. സ്കൂൾ പരുവ. 68 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഈ വിദ്യാലയം പ്രഗത്ഭരും പ്രശസ്തരുമായ ഒട്ടനവധി പ്രതിഭാശാലികൾക്ക് ജന്മം നൽകിയിട്ടുണ്ട്. കർമനിരതമായ പ്രവർത്തനങ്ങളിലൂടെ ഈ സ്കൂൾ ഉൽകൃഷ്ടമായി മുന്നോട്ടുപോകുകയാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരവെളിച്ചം നൽകിയ ഈ വിദ്യാലയം ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്.

ഉപജില്ലാ തലത്തിലും പഞ്ചായത്ത്തലങ്ങളിലൂടെയുള്ള പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം ശ്രദ്ധേയമായി വർത്തിക്കുന്നു. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ 9 പെൺകുട്ടികളും 7 ആൺകുട്ടികളുമായി 16 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. പാഠ്യ പ്രവർത്തനങ്ങളിലും മികച്ച നിലവാരം പുലർത്തിക്കൊണ്ടിരിക്കുന്ന ഈ സരസ്വതീ ക്ഷേത്രം പൊതുവിദ്യാലയ മികവിന്റെ കേന്ദ്രം എന്ന ലക്ഷ്യം കൈവരിക്കാനുള്ള തീവ്ര പരിശ്രമത്തിലാണ്.

# കാഴ്ചപ്പാട്

- സാമൂഹ്യ പ്രതിബദ്ധതയും ദേശസ്നേഹവും മൂല്യബോധവും അച്ചടക്കവുമുള്ള പൗരന്മാരായി കുട്ടികളെ വാർത്തെടുക്കും.

- ശാസ്ത്രബോധവും ചരിത്രബോധവും സ്വഭാവ-ശീലവും ഉള്ളവനായി സമൂഹത്തെ നയിക്കാൻ പ്രാപ്തനാക്കും.

- കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രയാസകരമായ സന്ദർഭങ്ങൾ അതിജീവിച്ച് അവരുടെ വ്യക്തിത്വത്തിൽ പ്രയോ-ജനപ്പെടുത്താൻ പ്രാപ്തരാക്കും.

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടി-കളെയും രക്ഷിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർത്തുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കും.

# മേഖലകൾ

- ഭാഷാവിഷയങ്ങളായ മലയാളം, ഇംഗ്ലീഷ് എന്നിവയിൽ എഴുതുവാനും വായിക്കാനും, സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാനുമുള്ള കഴിവ് ഉയർത്തിയെടുക്കൽ.
- ശാസ്ത്രവിഷയങ്ങൾ ഐക്യം ചെയ്യുന്നതിലൂടെ ശാസ്ത്രാവബോധം വളർത്തൽ.
- ഗണിതപഠനം എല്ലാ കുട്ടികൾക്കും പ്രാപ്യമായി ഉറപ്പാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്നവർ (CWSN) ക്കുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ.
- ജൈവവൈവിധ്യം പരിചയപ്പെടുത്തൽ.
- സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ.
- ആരോഗ്യകായിക മേഖലകളിൽ പുരോഗതി നേടൽ.
- ICT യുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തണം.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതുവാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തണം.
- വിവരസാങ്കേതിക വിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്തണം.
- പൊതു പരീക്ഷയായ എസ്.എസ്.എൽ.സി.യിലും മറ്റ് മത്സരപരീക്ഷകളിലും വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പഠനാന്തരീക്ഷം ഒരുക്കും.
- മികച്ച സാമൂഹ്യ പങ്കാളിത്തത്തോടെ സ്കൂളിനെ മികവിന്റെ പടവിലേക്കുയർത്തണം.
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തണം.

# അടിസ്ഥാനശേഷി വികസനം

## മലയാളം

ലക്ഷ്യം : ഭാഷാപരമായ വികാസ്

ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേകം ഒഴിവുള്ള സമയത്ത് പരിശീലനം നൽകുന്നു. വായന പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി സജ്ജീകരണം. കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി മാഗസിൻ നിർമാണം.

## ഇംഗ്ലീഷ്

ലക്ഷ്യം : ഭാഷാപരമായ വികാസ്

ഒന്ന് മുതൽ നാല് വരെ ക്ലാസിൽ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി ഹലോ ഇംഗ്ലീഷ്, [illegible], ഇംഗ്ലീഷ് അസംബ്ലി, വർക്ക് ഷീറ്റുകൾ.

## ഗണിതം

ലക്ഷ്യം : ഗണിതശേഷി വികസനം

ഒന്ന് മുതൽ നൂറുവരെ സംഖ്യകൾ വായിക്കുന്നതും എഴുതുന്നതും ചെയ്യുക; ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നതിന് ഗണിത കിറ്റ്,

ഗണിത ക്ലബ്, ICT സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഒന്ന് മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണ നിർമ്മാണം, ഗണിതമേളയ്ക്ക് കുട്ടികളെ ഒരുക്കൽ ഗണിത ക്വിസ്.

## പരിസരപഠനം

ലക്ഷ്യം : ശാസ്ത്രാഭിരുചി വളർത്തൽ, പ്രകൃതി സൗഹൃദ മനോഭാവം

'ശാസ്ത്ര പഠനം പരിപാടി, സ്കൂൾതല ശാസ്ത്രമേള, പരീക്ഷണങ്ങൾ, പ്രകൃതി നടത്തം, പഠനയാത്ര, ശാസ്ത്ര ക്വിസ്.

## കായികം

ലക്ഷ്യം : ശാരീരിക മാനസിക വികാസം

അസംബ്ലിയിൽ മാസ്‌ഡ്രിൽ, കായിക മേളയ്ക്കുള്ള പരിശീലനം, കളിയുപകരണങ്ങൾ, ഫുട്ബോൾ പരിശീലനം.

## ICT

ലക്ഷ്യം : ആധുനിക സാങ്കേതിക വിദ്യ സ്വയംപര്യാപ്തത നേടൽ

എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം, വിവിധ വിഷയവുമായി ബന്ധപ്പെട്ട് സി.ഡി പ്രദർശനം.

## എൽ എസ് എസ് പരിശീലനം

ലക്ഷ്യം : പ്രതിഭാപോഷണം

വർഷാരംഭം മുതൽ നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന ക്ലാസ്സ്, മാതൃകാ പരീക്ഷകൾ, വർക്ക് ഷീറ്റുകൾ.

## പ്രവൃത്തി പരിചയം

ലക്ഷ്യം : സർഗ്ഗശേഷി വികസനം

വിദ്യാർത്ഥികളുടെ നൈപുണ്യത്തിന് പരിശീലന ക്യാമ്പ്

## പ്രത്യേക പരിഗണന അർഹിക്കുന്നവർ

ലക്ഷ്യം : ഉൾച്ചേർത്തൽ വിദ്യാഭ്യാസം

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായുള്ള പഠനോപകരണങ്ങൾ, വർക്ക് ഷീറ്റുകൾ, വൈദ്യ പരിശോധന, ആവശ്യമായ ഉപകരണങ്ങൾ.

## ദിനാചരണങ്ങൾ

ലക്ഷ്യം : സാമൂഹ്യബോധം വളർത്തൽ

ആഘോഷങ്ങൾ, മഹാന്മാരുടെ ജന്മദിനങ്ങൾ, ചരിത്ര സംഭവങ്ങൾ, പ്രത്യേക ദിനങ്ങൾ എന്നിവയോടനുബന്ധിച്ച് ക്വിസ് മത്സരം, റാലി, കുട്ടികളുടെ കലാപരിപാടികൾ, സ്കിറ്റ്, വിദഗ്ധരുടെ ക്ലാസ്സുകൾ, സാമൂഹിക പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾ നടത്തുന്നു.

## സാമൂഹിക പങ്കാളിത്തം

ലക്ഷ്യം :- പൊതുസമൂഹത്തിന്റെ സഹകരണത്തോടെയുള്ള വികസനം.

അധ്യാപനം, കലാപഠനം, പ്രവൃത്തി പരിചയം, കായികം, ആരോഗ്യം, കൃഷി, തുടങ്ങി പഠ്യേതരമേഖലകളിലും സ്കൂളിൽ എത്തി സഹായിക്കാൻ സന്നദ്ധരായവരുടെ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സേവനം ഉറപ്പുവരുത്തൽ.

## ഭാഷ

### മലയാളം - പ്രവർത്തനങ്ങൾ [Std I & II]

വായനാസാമഗ്രി നിർമാണം - കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ കുട്ടിക്കഥകൾ, കുട്ടിക്കവിതകൾ, വായനാ കാർഡുകൾ, പദച്ചാർട്ട്, വാക്യങ്ങളെഴുതിയ ചാർട്ട്.

അക്ഷരക്കാർഡ് - അക്ഷരങ്ങളും ചിഹ്നങ്ങളും എഴുതിയ കാർഡ്; ചിത്രം, പേര് ഇവ ഉൾപ്പെട്ടത്

പഠനോപകരണ നിർമാണം - മാച്ചിംഗ് കാർഡുകൾ, വാക്യ കാർഡുകൾ, വർക്ക്ഷീറ്റുകൾ

അക്ഷരമരം - ഇംഗ്ലീഷ് അക്ഷരം, ചിഹ്നങ്ങൾ ഇവ എഴുതിയ മരത്തിന്റെ ആകാരം.

## പ്രവർത്തനങ്ങൾ [Std III & IV]

രചനാക്കുറിപ്പുകൾ - കഥ, കവിത, കുറിപ്പ് എന്നിവ എഴുതൽ, അവതരിപ്പിക്കൽ.

അക്ഷരപ്പാട്ട് ശേഖരിക്കൽ, സ്വയം എഴുതൽ.

കവിപരിചയം - എഴുത്തുകാരെ പരിചയപ്പെടൽ

പുസ്തക പരിചയം - പുസ്തകങ്ങൾ കുട്ടികൾ വായിക്കാനും, അറിയാനും

പതിപ്പുകൾ - ക്ലാസ്സിലെ ഓരോ തിരഞ്ഞെടുത്ത ബൈൻഡ് ചെയ്ത കുട്ടികളുടെ സൃഷ്ടികൾ.

ആഘോഷദിവസങ്ങൾ - പതിപ്പ്

ദിനാചരണം - അസംബ്ലിയിൽ പ്രസംഗം

വായനമൂല - ഇംഗ്ലീഷ് ലൈബ്രറി വികസനം

പത്രവായന

# ഇംഗ്ലീഷ്

## പ്രവർത്തനങ്ങൾ [Std - I & II]

Matching card making
Word gams - Word web
ചിത്രശേഖരങ്ങൾ - Flowers, Birds, Animals etc...
Reading Materials - Word Card, Sentence Card
Class library
Hello english
English assembly
Wall chart
English Corner

## പ്രവർത്തനങ്ങൾ [Std III & IV]

Collections - Rhymes and Stories
English news paper reading in assembly.
English assembly
Hello english
English quize
English magazine

# പരിസരപഠനം

## പ്രവർത്തനങ്ങൾ [Std I & II]

പ്രകൃതിനടത്തം - പ്രകൃതിയുടെ വൈവിധ്യങ്ങളെക്കുറിച്ച് സംസാരിക്കൽ- നിരീക്ഷിക്കൽ.

പച്ചക്കറി വിളവെടുപ്പ് - നടാനിടൽ, പച്ചക്കറി-ത്തോട്ട സന്ദർശനം, വിവിധ കൃഷികളും കൃഷിയു-പകരണങ്ങളും പരിചയപ്പെടൽ.

നാട്ടറിവും മണ്ണറിവും - പരമ്പരാഗത വിജ്ഞാനം [പച്ചക്കറികൾ, പഴങ്ങൾ]

ജീവികളെ പരിചയപ്പെടൽ - പക്ഷികളെ നേരിട്ട് കാണൽ, ചിത്രത്തിലൂടെ പരിചയപ്പെടൽ. വന്യജീവി സംരക്ഷണം, കാട് സംരക്ഷണം- ബോധവൽക്കരണം.

ശുചിത്വശീലങ്ങൾ - വ്യക്തിശുചിത്വം - നല്ല ആരോഗ്യശീലങ്ങൾ, നല്ല ആഹാരശീലങ്ങൾ,

ജലസംരക്ഷണം - ബോധവൽക്കരണം

റോഡ് നിയമങ്ങൾ

വിവിധ പരീക്ഷണങ്ങൾ

# പ്രവർത്തനങ്ങൾ [Std III & IV]

• പരിസര നടത്തം – ജലസ്രോതസ്സുകൾ സന്ദർശനം, ജീവികളെ നിരീക്ഷിക്കൽ

ആവാസ വ്യവസ്ഥ – പോസ്റ്ററുകൾ, സംരക്ഷണത്തിന്റെ ആവശ്യകത.

• പരിസര ശുചിത്വം – മാലിന്യനിർമ്മാർജനം. നേരിട്ട് മനസ്സിലാക്കൽ, ജലസംരക്ഷണം.

കൃഷി/ഔഷധ സസ്യങ്ങൾ – ഔഷധ സസ്യശേഖരണം, ഹെർബേറിയം, ജൈവകീടനാശിനി നിർമ്മാണം – കൃഷി ചെയ്യാൻ.

സ്വാതന്ത്ര്യത്തിലേക്ക് – ചരിത്ര സ്മാരകങ്ങൾ സന്ദർശനം, സ്വാതന്ത്ര്യ സമര സേനാനികളുമായി അഭിമുഖം.

ജീവികൾ, സസ്യലോകങ്ങൾ – പക്ഷിനിരീക്ഷണം, തൂവൽ ശേഖരണം.

ഇലകളെ അടുത്തറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

വാന നിരീക്ഷണം

പൂമ്പാറ്റക്കൂട്ടം – ശലഭ വർഗ്ഗങ്ങൾ ...

നാടിനെ അറിയാൻ – ഗ്രാമ സർവ്വേ ... പഞ്ചായത്ത് ഓഫീസ് സന്ദർശനം

# ഗണിതം

## പ്രവർത്തനങ്ങൾ [Std I & II]

കാർഡുകൾ – സംഖ്യകൾ എഴുതിയ കാർഡ്, സങ്കലന വ്യവകലന ക്രിയകൾക്ക് ഉത്തരം നൽകുന്നത്.

മഞ്ചാടിക്കുരു – സംഖ്യകളെ കൂട്ടമാക്കുന്നു.

ഗണിത കിറ്റ് – മുത്തുമണികളും സംഖ്യാകാർഡുകൾ, സംഖ്യാ വ്യാഖ്യാനം, പ്രയോഗങ്ങൾ, ഉപകരണം

ഗണിത ഉപകരണം – ഗണിത മൂലകങ്ങൾക്ക് അഭ്യാസങ്ങൾ, ചിത്ര പാഠങ്ങൾ, സംഖ്യാ പാഠങ്ങൾ, പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന വിവിധ വസ്തുക്കൾ.

രൂപങ്ങൾ നിർമ്മാണം – കടലാസ്, കാർഡ്, ചാർട്ട്, ഷീറ്റ്, ഇവ ഉപയോഗിച്ചുള്ളവ.

## പ്രവർത്തനങ്ങൾ [Std III & IV]

മണലോട്ട് – കുന്നിക്കുരു എണ്ണി വിഭജനവും

ഗണിത കളികൾ – ഡൊമിനോസ് കളി, പസിലുകൾ, ചാർട്ടുകൾ

പാഠോപകരണ നിർമ്മാണം –

ജ്യാമിതീയ രൂപങ്ങൾ – ചാർട്ടുകൾ, കമ്പുകൾ, എന്നിവ ഉപയോഗിച്ചുള്ള ത്രിമാന രൂപങ്ങൾ

# കലാ കായിക പ്രവൃത്തി പരിചയം

## പ്രവർത്തനങ്ങൾ [ടി.ടി. 7.10 ?]

ചിത്രകലാ സാധനം – വിവിധ വിഭവങ്ങളുപയോഗിച്ച് നിർമ്മിച്ച് ചിത്രകലാരൂപങ്ങൾ

കളി – വിദ്യാലയങ്ങളിൽ കളികൾ, പരിശീലനം നടത്തുന്നു.

നാടകമേള – ബി.ആർ.സി. തലത്തിൽ കലോത്സവത്തിൽ നിന്ന് വിജയിച്ച കുട്ടികളുടെ പ്രവർത്തനങ്ങൾ ഉണ്ട്.

പരിശീലനം – അധ്യാപകർക്കും കുട്ടികൾക്കും വിദ്യാലയങ്ങളിൽ പരിശീലനം നൽകുന്നു.

വിഭവമേള – പ്രവൃത്തി പരിചയ മേള വിദ്യാലയതലത്തിൽ സംഘടിപ്പിക്കുന്നു.

# ഉപസംഹാരം

[illegible]